## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

21.06.2019 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *332

### കേന്ദ്രപൊതുമേഖല വ്യവസായസ്ഥാപനങ്ങളുടെ സംരക്ഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.ബി.സത്യൻ**<br>**ശ്രീ.എസ്.ശർമ്മ**<br>**ശ്രീമതി.വീണാ ജോർജ്ജ് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | പൊതുമേഖല വ്യവസായങ്ങളെ സ്വകാര്യമേഖലയ്ക്ക് കൈമാറുകയെന്ന കേന്ദ്രസർക്കാർ നയത്തിന്റെ ഫലമായി സ്വകാര്യവൽക്കരണ ഭീഷണി നേരിടുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കാസർഗോഡ് ഭെൽ ഇ.എം.എൽ., എച്ച്.എൽ.എൽ. ലൈഫ് കെയർ തുടങ്ങിയവ പൊതുമേഖലയെ പ്രോത്സാഹിപ്പിക്കുന്ന സംസ്ഥാന നയത്തിനനുസൃതമായി ഏറ്റെടുത്ത് സംസ്ഥാന പൊതുമേഖലയിൽ നിലനിർത്തുവാൻ താൽപര്യം പ്രകടിപ്പിച്ചിരുന്നോ; ഇക്കാര്യത്തിലെ കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (എ) | കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കുന്നതിനായി തീരുമാനിച്ച കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ് എന്നീ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കുന്നതിനായുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ *ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് [എച്ച്.എൻ.എൽ]*, എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയും പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ, ചുവടെ ചേർക്കുന്നു.<br><br>***ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് [എച്ച്..എൻ.എൽ]***<br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെയും സബ്സിഡിയറി കമ്പനിയായ കേരളത്തിൽ കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനേയും [എച്ച്.എൻ.എൽ] സ്വകാര്യവത്കരി- ക്കുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനപ്രകാരം സ്വകാര്യവത്കരിക്കാനുള്ള സമ്മതപത്രം ക്ഷണിച്ചെങ്കിലും പ്രാപ്തരായ നിക്ഷേപകരുടെ അഭാവം മൂലം നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല |

| | | | |
|---|---|---|---|
| | | | പ്രസ്തുതസ്ഥാപനം പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന കേരള സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചതിനെത്തുടർന്ന് കമ്പനി കേരള സർക്കാർ ഏറ്റെടുക്കുവാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. നിലവിൽ എച്ച്.എൻ.എൽ ന്റെ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള തീരുമാനം നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ എടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ്സിഡിയറി കമ്പനിയായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംസ്ഥാന സർക്കാർ സ്ഥാപനം നടത്തുന്നതിനുള്ള സാധ്യതകൾ പഠിച്ചുവരുന്നു.<br><br>***ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്***<br><br>കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് ഇതിന്റെ ആസ്തിവില തീരുമാനിക്കുന്നതിനും സ്ഥാപനം ഏറ്റെടുക്കുന്നതിനുമായി ചീഫ്സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ചെയ്തിരുന്നു.<br><br>പ്രസ്തുത ഉന്നതല സമിതി നിരവധി തവണ യോഗം ചേരുകയും സ്ഥാപനത്തിന്റെ 31/3/2017 വരെയുള്ള സാമ്പത്തിക / നിയമ അവലോകന റിപ്പോർട്ടിന്റേയും കേന്ദ്ര സർക്കാർ സ്ഥാപനമായ ഫെഡൊയുടെ സാങ്കേതിക വില നിർണ്ണയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ഇൻസ്ട്രുമെന്റേഷൻ, പാലക്കാടിന്റെ നിലവിലെ ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും അതിനുള്ള സർക്കാർ ഉത്തരവ് GO.(MS).No.52/2018/ID തീയതി 20/7/2018 പുറപ്പെടുവിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ "ഇൻസ്ട്രുമെന്റേഷൻ കേരളാ ലിമിറ്റഡ്" എന്ന പേരിൽ പുതിയ കമ്പനി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കേന്ദ്ര ഘനവ്യവസായ ജോയിന്റ് സെക്രട്ടറിയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കരട് ധാരണാപത്രം ചർച്ച ചെയ്ത് കേന്ദ്ര സർക്കാരിന്റെ |

അംഗീകാരത്തിനായി നല്കിയെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ നിലപാടിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കി. ഇത് പരിഹരിച്ച് ഏറ്റെടുക്കൽ പൂർത്തീയാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു.

**ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്**

കേരളാ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd) എന്ന കമ്പനിയിലെ ഭെലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനു ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 12.06.2017നു ചേർന്ന ഉന്നതതല യോഗം തത്വത്തിൽ തീരുമാനിക്കുകയും തുടർനടപടികൾക്കായി ചീഫ്സെക്രട്ടറി ചെയർമാനായി ഉന്നതതല കമ്മിറ്റിരൂപീകരിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഭെല്ലിന്റെ 51% ഓഹരി ഒരു രൂപയ്ക്ക് (consideration price) ഏറ്റെടുക്കണമെന്ന ഭെല്ലിന്റെ നിർദ്ദേശം കേരള സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ഭെൽ തയ്യാറാക്കിയ കരട് ധാരണാപത്രം (Sales Agreement)സർക്കാരിന്റെ ധനനിയമ വകുപ്പു കളുടെ പരിഗണനയ്ക്ക് വിധേയമാക്കുകയും ചെയ്തു.

എന്നാൽ കരട് ധാരണാ പത്രത്തിലെ ബാധ്യത സംബന്ധിച്ച വ്യവസ്ഥ പുന:പരിശോധിക്കണമെന്ന ധന കാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 07/06/2019 ൽ വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഭെല്ലിന്റെ ഡയറക്ടർ (E.R&D) എന്നിവരുമായി ചർച്ച ചെയ്യുകയും കേരള സർക്കാറിനും ഭെല്ലിനും സ്വീകാര്യമായ രീതിയിൽ പ്രസ്തുത വ്യവസ്ഥ പുനർക്രമീകരിച്ച് ഭെല്ലിന്റെ ഡയറക്ടർ ബോർഡിന്റെയും കേന്ദ്ര വൻകിട വ്യവസായ വകുപ്പിന്റെയും

| | | | |
|---|---|---|---|
| | | | അന്തിമ അംഗീകാരത്തിനായി നൽകിയിരിക്കുകയാണ്. ധാരണാ ധാരണാപത്രത്തിന്റെ അന്തിമ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ ഏറ്റെടുക്കൽ നടപടി വേഗത്തിലാകുന്നതാണ്.<br><br>**എച്ച്.എൽ.എൽ.ലൈഫ്കെയർ ലിമിറ്റഡ്**<br><br>നീതി ആയോഗിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡിന്റെ കേന്ദ്രസർക്കാരിന്റെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക കാര്യങ്ങൾക്കുള്ള കാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. |
| **ബി)** | ഫാക്ടിന്റെ കൈവശമുള്ള നാനൂറ്റി എൺപത്തിയൊന്ന് ഏക്കർ ഭൂമി തൊള്ളായിരത്തി എൺപത്തിയെട്ട് കോടി രൂപയ്ക്ക് ഏറ്റെടുക്കുന്നതുവഴി ഫാക്ടിന്റെ പുനരുദ്ധാരണത്തിന് വഴിയൊരുക്കുന്നതിനും കിൻഫ്ര മുഖേന പ്രസ്തുത സ്ഥലത്ത് പെട്രോ കെമിക്കൽ പാർക്കും ഫാർമ പാർക്കും സ്ഥാപിച്ച് സംസ്ഥാനത്തിന്റെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനുമുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | **(ബി)** | ഫാക്ട് കൊച്ചി ഡിവിഷന്റെ കൈവശമുള്ള 481 ഏക്കർ ഭൂമിയിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടെങ്കിലും ഭൂമി കൈമാറുന്നത് സംബന്ധിച്ച് കേന്ദ്ര അനുമതി ലഭിക്കാനുണ്ട്. |
| **(സി)** | നിർദ്ദിഷ്ട പെട്രോ കെമിക്കൽ കോംപ്ലക്സിൽ നിക്ഷേപം നടത്തുന്നതിന് യു.എ.ഇ.യുടെ ദേശീയ എണ്ണക്കമ്പനിയായ അഡ്നോക് താൽപര്യം പ്രകടിപ്പിച്ചിരുന്നോ എന്ന് അറിയിക്കാമോ? | **(സി)** | ഇത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**